No. CEE/1100/PGM-2021/TA1

# കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-695001**

## പത്രക്കുറിപ്പ്

## പി.ജി. മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനം-2021 ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും (ആർ.സി.സി), സ്വകാര്യസ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2021 ലെ പി .ജി. മെഡിക്കൽ കോഴ്സുകളിലേക്കുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ടമെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 19.01.2022 മുതൽ 30.01.2022 വൈകിട്ട് 5.00 മണി വരെ വിദ്യാർത്ഥികൾ ഓൺലൈനായി നൽകിയ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഫലം തടഞ്ഞു വച്ചിരിക്കപ്പെട്ടിട്ടുള്ളവരുടെയും , കേരള സ്റ്റേറ്റ് റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യത നേടാത്ത അപേക്ഷകരുടെയും ഓൺലൈൻ ഓപ്ഷനുകൾ അല്ലോട്മെൻറിനായി പരിഗണിച്ചിട്ടില്ല. സർവ്വീസ് ക്വാട്ടാ സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തിൽ നടത്തിയിട്ടില്ല. അലോട്ടമെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ടമെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി , ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **2022 ഫെബ്രുവരി 02 മുതൽ 2022 ഫെബ്രുവരി 05 വൈകിട്ട് 4.00** മണിയ്ക്കുള്ളിൽ പ്രവേശനം നേടേണ്ടതാണ്.അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിരിക്കുന്ന മുഴുവൻ ഫീസും ഈ ഘട്ടത്തിൽ അതാത് കോളേജിൽ അടക്കേണ്ടതാണ്.അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും , ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഹെൽപ്പ് ലൈൻ നം. 0471 2525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.01.31 19:50:29 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**#ApprovedDate#**